"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - WP(C) നം.8286/2021 നമ്പർ 05.10.2021 -ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി നടപ്പിലാക്കുന്നത് സംബന്ധിച്ച് കോട്ടയം നഗരസഭയ്ക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ധനകാര്യ (എസ്.എഫ്.സി-എ) വകുപ്പ്

സ.ഉ.(സാധാ)നം.7303/2021/ധന തീയതി,തിരുവനന്തപുരം, 11/11/2021

പരാമർശം:- 1. സ.ഉ.(സാധാ) നം. 9823/2019/ധന തീയതി 12.12.2019
2. സ.ഉ.(സാധാ) നം. 1381/2020/ധന തീയതി 19.02.2020.
3. സ.ഉ.(സാധാ) നം. 1604/2021/ധന തീയതി 19.02.2021
4. സ.ഉ.(സാധാ) നം. 3367/2021/ധന തീയതി 07.04.2021.
5. സ.ഉ.(സാധാ) നം. 5206/2021/ധന തീയതി 30.07.2021.
6. WP(C) നം.8286/2021 നമ്പർ 05.10.2021 -ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ്.

ഉത്തരവ്

2018-ലെ പ്രളയം സാരമായി ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേക വിഹിതം നൽകുന്നതിനായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ വകയിരുത്തിയിരുന്ന 250 കോടി രൂപ പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം അനുവദിച്ചിരുന്നു. ടി ഉത്തരവുകൾ പ്രകാരം അനുവദിച്ച തുകയിൽ ചെലവഴിക്കാത്ത തുക ഭരണവകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തുകൾക്ക് പരാമർശം (3) പ്രകാരം പുനരനുവദിച്ചിട്ടുണ്ട്.

2) കോട്ടയം നഗരസഭ നടപ്പാക്കിയ 2018 പ്രളയദുരിത നിവാരണ പ്രവൃത്തികളുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ വകുപ്പിന്റെ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറേണ്ടതായ തുക ഒരു മാസത്തിനുള്ളിൽ കോട്ടയം നഗരസഭയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ധനകാര്യവകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം (6) പ്രകാരം ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കുന്നതിലേക്കായി, കോട്ടയം നഗരസഭക്ക് 2021-22

സാമ്പത്തിക വർഷം പരാമർശം (4), (5) എന്നിവ വഴി അനുവദിച്ചിട്ടുള്ള വികസന ഫണ്ട് പൊതു വിഭാഗം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 1,91,73,000/- രൂപ (ഒരു കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിമൂവായിരം രൂപ മാത്രം) ചെലവഴിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു. ഇത് സംബന്ധിച്ച ബിൽ ട്രഷറിയിൽ സമർപ്പിക്കുമ്പോൾ ആയത് ഉടനടി മാറി നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക് ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്. പ്രസ്തുത തുക കോട്ടയം നഗരസഭ സെക്രട്ടറി മൈനർ ഇറിഗേഷൻ വകുപ്പിന്റെ കോട്ടയം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറേണ്ടതും തുടർന്ന് കരാറുകാർക്ക് തുക അനുവദിക്കുന്നതിന് എക്സിക്യൂട്ടിവ് എഞ്ചിനീയർ നടപടി സ്വീകരിക്കേണ്ടതുമാണ്.

4) ഇത്തരത്തിൽ WP(C) നം.8286/2021 നമ്പുള്ള ബഹു. ഹൈക്കോടതി വിധിയിലെ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് കുമാർ സിംഗ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്

സ്വീകർത്താക്കൾ:-
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II), കേരള , തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് III) കേരള ,തിരുവന്തപുരം.
ട്രഷറി ഡയറക്ടർ , തിരുവന്തപുരം .
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .
ജില്ല ട്രഷറി ഓഫീസർ , കോട്ടയം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ , മൈനർ ഇറിഗേഷൻ ഡിവിഷൻ , കോട്ടയം.
സെക്രട്ടറി, കോട്ടയം മുനിസിപ്പാലിറ്റി.
നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ് , തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (എഫ് .എം) വകുപ്പ് .
നോഡൽ ഓഫീസർ , ധനകാര്യ വകുപ്പ് (www.finance.kerala .gov.in)
ധനകാര്യ (ഡെവലപ് .വിംഗ് / ബജറ്റ് വിംഗ്-ജെ / എസ്.എസ്) വകുപ്പ് .
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഇ-1850844)

ഉത്തരവിൻ പ്രകാരം

for സെക്ഷൻ ഓഫീസർ.